9.5.18

# ലക്ഷ്മണസാന്ത്വനം

## കവി പരിചയം:

എഴുത്തച്ഛൻ

- പതിനാറാം നൂറ്റാണ്ടാണ് ജീവിതകാലം. മലപ്പുറം ജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂരാണ് ജന്മസ്ഥലമെന്ന് കരുതുന്നു. 'മലയാളഭാഷാപിതാവ്' എന്ന് വിശേഷിപ്പിക്കപ്പെടുന്നു. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട് തികച്ചും മൗലികമായൊരു കാവ്യശൈലി സൃഷ്ടിച്ചു. ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യമാണ് എഴുത്തച്ഛൻ നിർവഹിച്ചത്. അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ.

12.5.18

അർത്ഥം:

1. പെരുവഴിയമ്പലം - സത്രം
2. പാന്ഥർ - യാത്രക്കാർ
3. താന്തർ - ക്ഷീണിതൻ
4. അധ്രുവം - അവസാനം വരെ
5. രാഗം - ഭാവം
6. സംസാരം - ലോകം
7. അനുമോദിതം - അനുവർത്തിക്കൽ
8. വിശ്വം - പ്രപഞ്ചം
9. ഭുക്തം - ഭോജിച്ച
10. തവ - നിന്റെ
11. വഹ്നി - അഗ്നി
12. ബിന്ദു - തുള്ളി
13. ചക്ഷുസ്സ് - കണ്ണ്
14. ദർദുരം - തവള
15. ഗളം - തൊണ്ട
16. ഭോഗം - സുഖം
17. കാലാഹി - കാലമാകുന്ന അഹി
18. അഹി - സർപ്പം
19. പരിഗ്രസ്തം - പിടിക്കപ്പെട്ട
20. കളത്രം - ഭാര്യ

12.5.18 H.W

21. അർത്ഥം - സമ്പത്ത്
22. മനസ്താപം - കുറ്റബോധം
23. നൃണാം - മനുഷ്യന്
24. കായം - ശരീരം
25. വികാരം - മാറ്റം
26. വിഘ്നം - തടസ്സം

പര്യായം

1. അധ്രുവം - ചഞ്ചലം, സ്ഥിരമല്ലാത്ത
2. പരിണാമി - പരിണാമത്തോടുകൂടിയ, നാശമുള്ള
3. പുമാൻ - പുരുഷൻ, മനുഷ്യൻ

നാനാർത്ഥം

താപം - ചൂട്, ദുഃഖം

1. കാഷ്ഠം - തടി, ഇന്ധനം, വിസർജ്യം.
2. രാഗം - സ്നേഹം, ചുവപ്പ്

വിപരീതം

1. തവ x മമ   2. ക്ഷയം x വൃദ്ധി

12.5.18

## അർത്ഥവ്യത്യാസം

1. ~~പുഷ്കരം~~ പരിണാമം - മാറ്റം
പരിമാണം - ~~അളവ്~~ അളവ്

2. താര് - പൂവ്
താരം - നക്ഷത്രം

## സന്ധി

1. ദൃശ്യമുള്ള - ദൃശ്യം + ഉള്ള - ആദേശം
2. വിശ്വവും - വിശ്വം + ഉം - ~~ആഗമം~~ ആദേശം.
3. മാലാഹി - മാല + ആഹി - ദീർഘസന്ധി
4. രോഗങ്ങൾ - രോഗം + കൾ - ആദേശം
5. പെരുവഴിയമ്പലം - പെരുവഴി + അമ്പലം - ആഗമം
6. പുനരധ്യുവം - പുനഃ + അധ്യുവം - വിസർഗസന്ധി
7. ബ്രാഹ്മണോഹം - ബ്രാഹ്മണഃ + അഹം - വിസർഗ
8. നരേന്ദ്രോഹം - നരേന്ദ്രഃ + അഹം - വിസർഗസന്ധി
9. ദേഹോഹം - ദേഹഃ + അഹം - വിസർഗസന്ധി
10. ത്വങ്മാംസം - ത്വക് + മാംസം - ആദേശം
11. മോഹൈകഹന്ത്രി - മോഹ + ഏകഹന്ത്രി
- വൃദ്ധി സന്ധി.

## ഉത്തരമെഴുതുക:

Q1. ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്തുന്നതിന് ശ്രീരാമൻ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്മണനോട് പറഞ്ഞത്? കണ്ടെത്തിയെഴുതുക.

- മലയാള ഭാഷയുടെ പിതാവായ എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിലെ ഏറ്റവും ശ്രദ്ധേയമായ ഭാഗമാണ് ലക്ഷ്മണസാന്ത്വനം. ക്രോധ ദീപ്തനായ ലക്ഷ്മണനെ ജീവിതത്തിന്റെ നിരർത്ഥകത മനസ്സിലാക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുകയാണ് ശ്രീരാമൻ.

→ കാണപ്പെടുന്ന ലോകം നശ്വരമാണ് അതിനാൽ ഭൗതിക സുഖങ്ങൾക്കുവേണ്ടി മത്സരം ഉപേക്ഷിക്കണം.

→ കുടുംബത്തിലെ കൂടിച്ചേരൽ അൽപകാലം മാത്രമേ ഉണ്ടാകൂ. നദിയിലൊഴുകുന്ന തടിക്കഷ്ണങ്ങൾ പോലെയോ, വഴിയമ്പലങ്ങളിലെത്തുന്ന യാത്രക്കാരെപ്പോലെയോ ആണ് ഈ കൂടിച്ചേരൽ.

ഐശ്വര്യവും യൗവനവും അസ്ഥിരമാണ്.
നമ്മുടെ ശരീരവും ജീർണ്ണിച്ചുപോകും.

→ "വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ-
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം"
എന്നാണല്ലോ. ലോകജീവിതം സ്വപ്നസമാനമാണ്. ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന ജലകണികപോലെയാണ് ജീവിതം.

മേൽപറഞ്ഞ വസ്തുതകളിലൂടെ ജീവിതത്തിന്റെ നിരർത്ഥകത എഴുത്തച്ഛൻ വ്യക്തമാക്കുന്നു.

22. "ചക്ഷുഃശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിനപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു."
'കാലാഹി' - എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്? വരികൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

- മലയാള ഭാഷയുടെ പിതാവായ എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിലെ ഏറ്റവും

18

C.W.

ശ്രദ്ധേയമായ ഭാഗമാണ് 'ഭക്ഷണസാന്നിധ്യം'.

പാമ്പിന്റെ ഗളത്തിൽ അകപ്പെട്ട തവള ഭക്ഷണത്തിനായി അപേക്ഷിക്കുന്നതുപോലെ നിരർത്ഥകത തന്നെയാണ് കാലമാകുന്ന പാമ്പിന്റെ വായിലകപ്പെട്ട മനുഷ്യന്റെ ചഞ്ചലമനസ്സോടെ സുഖഭോഗങ്ങളുടെ പുറകേ പോകുന്നത്.

മരണം മുന്നിലുള്ളപ്പോഴും ജീവിതത്തോടുള്ള ആസക്തി അവസാനിക്കുന്നില്ല. ഈ ശരീരം ജീർണ്ണിച്ചുപോകേണ്ടതാണ് എന്ന സത്യം നാം മനസ്സിലാക്കുന്നില്ല. പാമ്പു വളരെ പതുക്കെ തവളയെ വിഴുങ്ങുന്നതിനാൽ തവള അത് അറിയുന്നില്ല. കാലം അവനിലുണ്ടാകുന്ന മാറ്റങ്ങൾ അവൻ അറിയുന്നില്ല. കാലമാകുന്ന പാമ്പ് മനുഷ്യനെ വിഴുങ്ങിയിരിക്കുകയാണ്. അതിനാൽ ജീവിതവും അവസാനിക്കാറാകുകയാണ്. കാലം ചിലപ്പോൾ വേഗത്തിൽ ചിലപ്പോൾ പതുക്കെയും ചലിക്കുന്നു.

പാമ്പിന്റെ വായിലെ ഭക്ഷണമന്വേഷിക്കുന്ന

5.18

അവരുമോട് കാലത്താൽ പിടിക്കപ്പെട്ട മനുഷ്യനെ ഉപമിച്ചത് അനിയോജ്യമാണ്.

---

Q3. "പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്താരാം കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം".

- ഈ വരികളിലെ ചമൽക്കാരഭംഗി കണ്ടെത്തുക

- മലയാള ഭാഷയുടെ പിതാവായ എഴുത്തച്ഛന്റെ അധ്യാത്മരാമായണത്തിലെ ശ്രദ്ധേയമായ ഒരു ഭാഗമാണ് ലക്ഷ്മണസാന്ത്വനം.

വഴിയാത്രക്കാർ വഴിയമ്പലങ്ങളിൽ ഒന്നിച്ചു കൂടിയതിനുശേഷം വേർപിരിഞ്ഞു പോകുന്നതു പോലെയും നദിയിലൂടെ ഒഴുകുന്ന തടികഷ്ണങ്ങൾ ഓളങ്ങളിൽ പെട്ട് ഒന്നിച്ചു വരുകയും വീണ്ടും വേർപെട്ട് ഒഴുകുകയും ചെയ്യുന്നതുപോലെയാണ് കുടുംബജീവിതം.

വഴിയമ്പലങ്ങളിലെ കൂട്ടായ്മകൾ അസ്ഥിരവും യാദൃശ്ചികവും തുടർച്ചയില്ലാത്തതുമാണ്.

9.5.18 C.L.

നദിയിലെ ഒഴുക്കിന്റെ വേഗവും കാലാവസ്ഥയു-മാണ് നദി~~യിലെ~~ കാവ്യങ്ങളുടെ ഒഴുക്കിനെ നിയന്ത്രിക്കുന്നത്.
ലോകജീവിതത്തിലും ഈ അസ്ഥിരതയും യാദൃശ്ചികതയും ചുറ്റുപാടുകളുടെ നിയന്ത്രണവും കാണാം. ഉചിതമായ ഒന്നിലേറെ ഉദാഹരണങ്ങൾ കവി ഉപയോഗിച്ചിരിക്കുന്നത് തന്റെ അഭിപ്രായങ്ങൾ ഉറപ്പിക്കുന്നതിനാണ്. നിത്യജീവിതത്തിൽ പരിചയമുള്ള ഉദാഹരണങ്ങൾ ഉപയോഗിച്ചിരിക്കുന്നതും ഉചിതം തന്നെ.

Q4. 'ക്രോധം പരിത്യജിക്കണം ബുധജനം' ഈ കാലികപ്രസക്തി ചർച്ചചെയ്ത് മുഖപ്രസംഗം തയാറാക്കുക.

- ~~ക്രോധ ദീപ്തനായ ലക്ഷ്മണനെ ആശ്വസിപ്പിച്ചുകൊണ്ട് ശ്രീരാമൻ നൽകുന്ന ഉപദേശങ്ങളാണ് ഈ ഭാഗത്തുള്ളത്.~~

മലയാള ഭാഷയുടെ പിതാവായ എഴുത്തച്ഛ-ന്റെ അധ്യാത്മരാമായണത്തിലെ ശ്രദ്ധേയമായ ഒരു ഭാഗമാണ് ലക്ഷ്മണസാന്ത്വനം.

.5.18

ക്രോധ ദീപ്തനായ ലക്ഷ്മണനെ അനുനയിപ്പിച്ചുകൊണ്ട് ശ്രീരാമൻ നൽകുന്ന ഉപദേശങ്ങളാണ് ഈ ഭാഗത്തുള്ളത്.

മുക്തിക്കു വിഘ്നം വരുത്തുന്നതിൽ ഏറ്റവും ശക്തമായുള്ളത് ക്രോധമാണ്. ക്രോധം മൂലം ~~ശക്തമായുള്ളത് ക്രോധമാണ്~~. മാതാപിതാക്കളെയും, സഖികളെയും, സഹോദരങ്ങളെയും, സുഹൃത്തുക്കളെയും പോലും മനുഷ്യർ കൊലചെയ്തു എന്ന് വരാം. ക്രോധം മൂലം മനുഷ്യന് മനസ്താപമുണ്ടാകാം. ലൗകിക ബന്ധത്തിന് ഇത് കാരണമാകാം. ധർമ്മത്തെ ക്ഷയിപ്പിക്കുന്നത് ക്രോധമാണ്.

ശ്രീരാമന്റെ വാക്കുകളിലൂടെ എഴുത്തച്ഛൻ തന്നെയാണ് സംസാരിക്കുന്നത്. ഇത്രയും വിനകൾ വരുത്തുന്ന കോപം നാം ഉപേക്ഷിക്കുകതന്നെവേണം.

ഇന്ന് ലോകത്തുണ്ടാകുന്ന അസ്വാരസ്യങ്ങൾക്കും അസ്വസ്ഥതകൾക്കും യുദ്ധഭീഷണികൾക്കു കാരണം ക്രോധം തന്നെയാണ്.

26/6

12.5.18 H.W.

# WORKSHEET ANSWERS

Q1. എഴുത്തച്ഛന്റെ കാവ്യഭാഗത്തിന് ലക്ഷ്മണസാന്ത്വനം എന്ന ശീർഷകം എത്രമാത്രം യോജിക്കുന്നു.

- എഴുത്തച്ഛന്റെ ലക്ഷ്മണസാന്ത്വനത്തിൽ, രാമന്റെ പട്ടാഭിഷേകം മുടങ്ങിയതിനെ തുടർന്ന് കുപിതനായി വരുന്ന അനുജൻ, ലക്ഷ്മണനെ സാന്ത്വനിപ്പിക്കുന്ന വരികളാണ് കവിതയിൽ വിശേഷിപ്പിച്ചിരിക്കുന്നത്. തന്റെ ക്രോധം വ്യർത്ഥമാണെന്ന് തിരിച്ചറിവ് നൽകുകയാണ് രാമൻ. സഹോദരബന്ധത്തിനേക്കാൾ, ഒരു മനുഷ്യൻ കൈവരിക്കുന്ന വികാരങ്ങൾ എത്രമാത്രം യോജ്യമാണെന്ന് തിരിച്ചറിവ് കൂടിയും കവി നൽകുന്നു. അതിനാൽ എഴുത്തച്ഛന്റെ കാവ്യഭാഗത്തിന് 'ലക്ഷ്മണസാന്ത്വനം' എന്ന ശീർഷകം യോജിക്കുന്നു.

ജ്യേഷ്ഠ സഹോദരൻ അനുജന് നൽകുന്ന ഉപദേശമാണ് ഇത്

Q2. നിന്റെ വാക്കുകൾ കേൾക്കണമെന്ന് ശ്രീരാമൻ ലക്ഷ്മണനോട് പറയാൻ കാരണമെന്ത്?

- മുക്തിക്കു വിഘ്നം വരുത്തുന്നതിൽ ഏറ്റവും ശക്തമായുള്ളത് ക്രോധമാണ്.

നിന്റെ ത്യാഗം അറിയുന്നവൻ ഞാനാണ്
നിനക്ക് എന്നോടുള്ള സ്നേഹത്തിന്റെ ആഴവും അറിയാവു-
ന്നവനാണ് ഈ കാരണങ്ങൾ കൊണ്ടാണ്
ഞാൻ പറയുന്നത് ലക്ഷ്മണൻ കേൾക്കണമെന്ന് രാമൻ
പറയുന്നത്

40

H.W.

12.5.18

ക്രോധമൂലം തന്റെ മാതാപിതാക്കളെയും, സഖികളെയും, സഹോദരങ്ങളെയും, സുഹൃത്തുക്കളെയും കൊല്ലുമെന്ന് ലക്ഷ്മണൻ പറയുന്നു. ~~ഈ വാക്കുകൾ കേട്ട്~~ ഇതിനെ തുടർന്ന് ലക്ഷ്മണനെ സാന്ത്വനിപ്പിക്കാൻ വേണ്ടിയാണ് ~~ശ്രീരാമന്റെ~~ തന്റെ വാക്കുകൾ കേൾക്കണമെന്ന് ~~തന്റെ അനുജ~~ ശ്രീരാമൻ അപേക്ഷിക്കുന്നത്.

Q3. ലക്ഷ്മണന്റെ പ്രയാസം യുക്തമല്ല എന്ന് ശ്രീരാമൻ പറയാൻ കാരണമെന്ത്?

- താൻ അനുഭവിക്കുന്ന, കാണുന്ന എല്ലാ സൗഭാഗ്യങ്ങളും നിമിഷനേരം കൊണ്ട് മായാവുന്നതാണ് എന്ന് സത്യം നൽകുകയാണ് ശ്രീരാമൻ. എല്ലാം നേടിയെന്ന അഹങ്കാരമുള്ളവൻ ഒന്നുമല്ലാത്തവനായി തീരുന്നു. അതിനാലാണ് ലക്ഷ്മണന്റെ ക്രോധവും പ്രയാസവും യുക്തമല്ല എന്ന് ശ്രീരാമൻ പറയുന്നത്.

Q4. നമ്മൾ ദേഹം നിമിത്തം മഹാമോഹം എന്തുകൊണ്ട്?

- മനുഷ്യർ എല്ലാം ആഗ്രഹിക്കുമ്പോഴും,

അല്ലെങ്കിൽ ഇന്നുള്ളവർക്ക് ദേഷ്യമായിത്തീരുന്നു

12.5.18

H.W.

ജീവിതത്തിന്റെ അവസാനഘട്ടത്തിൽ മണ്ണിനു കീഴേ (കൃമികളായോ, ശരീരം വെന്തു വെണ്ണീറായോ) വെണ്ണീറായ് ഇല്ലാതാവുന്നു. നമ്മുടെ അനുഗ്രഹങ്ങളെല്ലാം നിമിഷനേരം കൊണ്ട് ഇല്ലാതാവുകയാണ് ചെയ്യുന്നത്. അതിനാൽ നമ്മെ ദേഹം നിമിത്തം മഹാമോഹം എന്ന വരി ഈ അർത്ഥത്തെ സമർത്ഥിക്കുന്നു.

Q5. വിദ്യയും അവിദ്യയുമുള്ള വ്യത്യാസമെന്ത്?

- വിദ്യ നേടിയവന് പറയാനും എഴുതാനും കഴിയുന്നു, എന്നാൽ പറയുന്ന കാര്യങ്ങൾ നാശത്തിലേക്കു നയിക്കാനും വിദ്യ നേടിയവനാകുന്നു. ഒന്നുമറിയാത്തവൻ എല്ലാമറിയുന്നവനായി മാറുന്നു. ജീവിതവിജയങ്ങൾ കൈവരിക്കുന്നവനാണ് യഥാർത്ഥ ജ്ഞാനി.

See the answer given in the class

Q6. മോക്ഷാർത്ഥി എന്തു ചെയ്യണമെന്നാണ് കവി ഉപദേശിക്കുന്നത്?

- വിദ്യ അഭ്യസിക്കേണ്ടത് അനിവാര്യമാണ്, എന്നാൽ വിദ്യ നേടിയതുകൊണ്ട് ലഭിക്കുന്ന ആശംസകളും പ്രഖ്യാപനങ്ങളും നിമിഷനേരം കൊണ്ട് ശത്രുക്കളായിമാറുന്നു. അതിനാൽ നേടിയ വിദ്യ ഉചിതമായ രീതിയിൽ

മോക്ഷാർത്ഥി

ഏകാന്ത ചേതസ്സാ / ഏകാഗ്രതയോടെ വിദ്യ അഭ്യസിക്കണം.

12.5.18 H.W

ഉപയോഗിക്കുവാനും, കൈവരിക്കുന്നു പ്രശംസകളിൽ വ്യാപൃതനെ ജീവിക്കുവാനുമാണ് കവി ഉപദേശിക്കുന്നത്.

14.5.18 H.W

**സമാസം:**

1. വാത്സല്യപൂരം
 - വാത്സല്യത്തിന്റെ പൂരം - (സംബന്ധിക തത്പുരുഷൻ)
2. രാജ്യദേഹാദി - രാജ്യം ദേഹം അദിയായവ - (ദ്വന്ദ്വൻ)
3. വഹ്നിസന്തപ്തം - വഹ്നിയിൽ സന്തപ്തം - (ആധാരിക തത്പുരുഷൻ)
4. ലോകസ്ഥം - ലോകത്തിൽ സ്ഥിതമായത് - (ആധാരിക തത്പുരുഷൻ)
5. പെരുവഴിയമ്പലം - പെരുവഴിയിലെ അമ്പലം - (ആധാരിക തത്പുരുഷൻ)
6. ലക്ഷ്മണസാന്ത്വനം - ലക്ഷ്മണനെ സാന്ത്വനം ഉദ്ദേശിക്കുന്നത് - (ഉദ്ദേശിക തത്പുരുഷൻ)
7. പഞ്ചഭൂതം - അഞ്ച് ഭൂതം - ~~ദ്വന്ദ്വൻ~~ ~~ദ്വന്ദ~~ (ദ്വിഗു)

14-5

C.W

8. മാനസതാര് - മനസ്സാകുന്ന താര്
- (രൂപകം)

9. വിക്രാന്തചേതസ്സ് - വിക്രാന്തമായ ചേതസ്സ്
-(കർമ്മധാരയൻ).

10. കാമക്രോധലോഭമോഹാദികൾ
- കാമം, ക്രോധം, ലോഭം, മോഹം
ആദിയായവ
(ദ്വന്ദ്വൻ).

#.

11. സാവിത്രി - സവിത്രിയുടെ മകൻ ആരോ അവൻ
-(ബഹുവ്രീഹി.)

12. സ്വപ്നസമാനം - സ്വപ്നത്തോട് സമാനം
-(സംയോജിത തത്പുരുഷൻ.)

15.5.18 W.B: Cw.

Q. വിദ്യയും അവിദ്യയുമായുള്ള വ്യത്യാസം

- വിദ്യ: സംസാരനാശിനി, ക്രോധം ഇല്ലാതെയാകും, ജ്ഞാനം ഉണ്ടാകും, മോക്ഷം നേടുന്നതിന് സഹായിക്കും. ധർമ്മത്തെ വളർത്തും. മോഹത്തെ നശിപ്പിക്കും.
- അവിദ്യ: സംസാര കാരിണി, ക്രോധമുണ്ടാകും, അജ്ഞാനമാണ് അവിദ്യ, മോക്ഷത്തിന് തടസ്സം നിൽക്കും, ധർമ്മത്തെ ക്ഷയിപ്പിക്കും, മോഹത്തെ ജനിപ്പിക്കും.